# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ: 4201

25.06.2018-ലെ മറുപടി

## കോവളം നിയോജക മണ്ഡലത്തിലെ കമിളി കുടിവെള്ള പദ്ധതി

ചോദ്യം

ശ്രീ.എം. വിൻസെന്റ്

മറുപടി

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

കോവളം നിയോജക മണ്ഡലത്തിലെ കാഞ്ഞിരംകുളം, കരുങ്കുളം, പൂവ്വാർ പഞ്ചായത്തുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന കമിളി കുടിവെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകും; ഇനി എന്തൊക്കെ നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

കോവളം നിയോജകമണ്ഡലത്തിലെ കാഞ്ഞിരംകുളം, കരുങ്കുളം, പൂവാർ പഞ്ചായത്തുകൾക്കും നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തിരുപുറം പഞ്ചായത്തിനും പ്രയോജനം ലഭിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. മേൽ പദ്ധതിയുടെ ഭാഗമായുള്ള 12 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണ ശാല കമിളിയിൽ പൂർത്തിയായി. തിരുപുറം പഞ്ചായത്തിലെ എട്ടുകുറ്റിയിൽ 7.13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികളും നെല്ലിക്കാകുഴിയിൽ 4.67 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികളും പൂർത്തിയായി. ജല ശുദ്ധീകരണ ശാലയിലേയ്ക്ക് അസംസ്കൃത ജലമെത്തിക്കുന്നതിനും ശുദ്ധീകരിച്ച ജലം ഉപരിതല ജല സംഭരണികളിലെത്തിക്കുന്നതിനുമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തിയായി. എന്നാൽ കരിങ്കുളം പഞ്ചായത്തിലെ പരണിയത്ത് നിർമ്മിക്കേണ്ട 4.67 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജല സംഭരണിയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നൽകാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി

പൂർത്തിയായ ഘടകങ്ങൾ ഉപയോഗപ്പെടുത്തി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പരണിയത്ത് നിർമ്മിക്കേണ്ട ഉപരിതല ജലസംഭരണിയുടെ നിർമ്മാണ ത്തിനാവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നൽകാത്ത സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ജലസംഭരണിയ്ക്കടുത്തായി പുതിയ ഉപരിതല ജലസംഭരണി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് പുതുക്കിയ രൂപരേഖ തയ്യാറാക്കി അംഗീകാരം നൽകി പണി തുടങ്ങാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ജലസംഭരണി നിർമ്മിക്കേണ്ട സ്ഥലത്തു നിൽക്കുന്ന മരം മുറിച്ചു മാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**